പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ – 4680
20.10.2011-ലെ മറുപടിക്ക്
<u>ശമ്പളപരിഷ്കരണവും ആനുകൂല്യങ്ങളും</u>

| <u>ചോദ്യം</u><br>ശ്രീ. കെ. രാധാകൃഷ്ണൻ | | <u>ഉത്തരം</u><br>ശ്രീ.കെ.എം.മാണി<br>ബഹു:ധനകാര്യവകുപ്പ് മന്ത്രി |
|---|---|---|
| (എ) | മുൻ ഗവൺമെൻറ് സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പളപരിഷ്കരണത്തിൽ നിലവിൽ ഉണ്ടായിരുന്നതിനേക്കാൾ എന്തെല്ലാം ആനുകൂല്യങ്ങളാണ് പുതുതായി നടപ്പിലാക്കുവാൻ തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ; | 9-ാം ശമ്പളപരിഷ്കരണ ഉത്തരവുപ്രകാരം ജീവനക്കാരുടെ നിലവിലുള്ള ശമ്പള നിരക്കുകൾ, പ്രൊമോഷനുകൾ, മറ്റ് ആനുകൂല്യങ്ങൾ ഇവയിൽ വർദ്ധനവ് വരുത്തിയതോടൊപ്പം താഴെപ്പറയുന്ന ആനുകൂല്യങ്ങൾ പുതുതായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്<br>നേരിട്ടുള്ളനിയമനത്തിലൂടെ സർവ്വീസിൽ പ്രവേശനം ലഭിക്കുന്ന പ്രൊഫഷണലുകൾക്ക് കരിയർ അഡ്വാൻസ്മെൻറ് സ്കീം,<br>പാർട്ട് ടൈം കണ്ടിൻജൻറ് ജീവനക്കാർക്ക് ശമ്പള സ്കെയിലുകൾ,<br>ഒന്നാമത്തെ സ്കെയിൽ പ്രവേശന സ്കെയിലായിട്ടുള്ളവർക്ക് നൽകിയിരുന്ന നാലാമത്തെ സമയബന്ധിത ഹയർ ഗ്രേഡ് രണ്ട് മുതൽ അഞ്ച് വരെയുള്ള സ്കെയിലുകൾ പ്രവേശന സ്കെയിലുകളായിട്ടുള്ളവർക്കും അനുവദിച്ചു,<br>ന്യൂഡെൽഹിയിലെ കേരളസംസ്ഥാനസർക്കാർ ഓഫീസുകളിൽ ജോലിചെയ്യുന്ന ജീവനക്കാർക്ക് ട്രാൻസ്പോർട്ട് അലവൻസ്, എഡ്യൂക്കേഷണൽ അലവൻസ്, കുക്ക് തസ്തികയ്ക്ക് സ്പെഷ്യൽ അലവൻസ്, നോർക്ക സെല്ലിൻെറ ചുമതലയുള്ള ഓഫീസർക്ക് മൊബൈൽ ഫോൺ അലവൻസ്,<br>പെറ്റേണിറ്റി ലീവ്,<br>ശാരീരിക/മാനസിക വൈകല്യമുള്ള കുട്ടികളുള്ള ജീവനക്കാർക്ക് വർഷത്തിൽ 15 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ്,<br>കീമോതെറാപ്പി, റേഡിയേഷൻ, |

| | | |
|---|---|---|
| | | വൃക്കമാറ്റിവയ്ക്കൽ എന്നിവയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് പരമാവധി 45 ദിവസത്തെ സ്പെഷ്യൽ കാഷ്വൽ ലീവ്, ജനറൽ സ്കൂളുകളിൽ പഠിക്കുന്ന ശാരീരിക/മാനസിക വൈകല്യമുള്ള കുട്ടികളുള്ള ജീവനക്കാർക്ക് എഡ്യൂക്കേഷണൽ അലവൻസ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽവന്നതിനു ശേഷം പുതുതായി അനുവദിച്ച ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | ശമ്പളപരിഷ്കരണ ഉത്തരവിലൂടെ പുതുതായി അനുവദിച്ച ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ ലഭ്യമാകുന്നത് സംബന്ധിച്ച് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെടുത്തിയാൽ നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ കരിയർ അഡ്വാൻസ്മെന്റ് സ്കീം തുടങ്ങിയ ചില വിഷയങ്ങളിൽ അവ ലഭ്യമാക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങളും റൂളുകളും പുതുതായി പുറപ്പെടുവിക്കേണ്ടതുള്ളതുകൊണ്ട് അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ; | |
| (ഡി) | ജീവനക്കാർക്ക് ശമ്പളപരിഷ്കരണ ഉത്തരവിലൂടെ അനുവദിച്ച എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ